LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി മണ്ഡലത്തിലെ പദ്ധതികൾ

78 (384) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് അംബേദ്ക്കർ ഗ്രാമം പദ്ധതി 2019-20-ൽ ഉൾപ്പെടുത്തി കുറ്റ്യാടി നിയോജകമണ്ഡലം മണിയൂർ ഐ.എച്ച്.ഡി.പി. കോളനിയെ തെരഞ്ഞെടുത്തു. പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂരഹിത പുനരധിവാസ പദ്ധതി, പഠനമുറി നിർമ്മാണം, ഭവനപൂർത്തീകരണം എന്നീ പദ്ധതികൾക്ക് 2020-21 വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കുറ്റ്യാടി മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(ബി) പദ്ധതികൾക്ക് അനുവദിച്ച തുക ഉൾപ്പെടെ വ്യക്തമാക്കാമോ?

1. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 11 പേർക്ക് ധനസഹായം അനുവദിച്ചു. ഈ ഇനത്തിൽ 41,25,000 രൂപ ചെലവഴിച്ചു.

2. പഠനമുറി പദ്ധതി പ്രകാരം 33 പേർക്ക് ധനസഹായം അനുവദിച്ചു. ഈ ഇനത്തിൽ 43,90,000 രൂപ ചെലവഴിച്ചു.

3. ഭവന പൂർത്തീകരണം പദ്ധതി പ്രകാരം 31 പേർക്ക് ധനസഹായം അനുവദിച്ചു. ഈ ഇനത്തിൽ 21,75,000 രൂപ ചെലവഴിച്ചു.

4. അംബേദ്ക്കർ ഗ്രാമം പദ്ധതിക്ക് 2020-21 വർഷം അടങ്കൽ തുകയുടെ (50 ലക്ഷം) 20% തുകയായ 10,00,000 രൂപ മണിയൂർ ഐ.എച്ച്.ഡി.പി. കോളനിയുടെ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

സാമൂഹ്യ പഠനമുറി പദ്ധതി

79 (385) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ പഠനമുറി പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്താണ്; 2019-20, 2020-21 വർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ എത്ര സാമൂഹ്യ പഠനമുറികൾ സ്ഥാപിച്ചു; ഇവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ?